**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 17

## വാർത്താക്കുറിപ്പ്

---

- **വി കെയർ പദ്ധതിക്കായി സമാഹരിച്ച തുക കൈമാറും**
- **സംഗമവും ഭവന പദ്ധതിയും മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും**

## സേവനത്തിൻറെ പുതുവഴികളിൽ എം.ജി. സർവകലാശാലാ എൻ.എസ്.എസ്

സമൂഹത്തിലെ അവശ വിഭാഗങ്ങൾക്ക് സാന്ത്വനം പകരുന്ന പുതിയ സേവന പരിപാടികളുമായി എം.ജി. സർവകലാശാല നാഷണൽ സർവീസ് സ്കീം. വിദ്യാർഥികളും ദുർബല വിഭാഗങ്ങളിൽനിന്നുള്ളവരും ഉൾപ്പെടുന്ന ഭവനരഹിതർക്ക് 2022- 23 വർഷം നൂറു വീടുകൾ നിർമിച്ച നൽകാൻ ലക്ഷ്യമിടുന്ന സ്നേഹവീട് പദ്ധതിക്ക് ഒക്ടോബർ 20ന് തുടക്കം കുറിക്കും.

ഉച്ചകഴിഞ്ഞ് 2.30ന് യൂണിവേഴ്സിറ്റി അംസംബ്ലി ഹാളിൽ നടക്കുന്ന എൻ.എസ്.എസ് സംഗമത്തിന്റെയും പദ്ധതിയുടെയും ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവഹിക്കും. സഹകരണ-സാംസ്കാരിക വകുപ്പ് മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിക്കും. സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന വി കെയർ പദ്ധതിക്കായി സർവകലാശാലയിലെ എൻ.എസ്.എസ് യൂണിറ്റുകൾ സമാഹരിച്ച തുക മന്ത്രി വി.എൻ. വാസവൻ മന്ത്രി ഡോ. ആർ ബിന്ദുവിന് കൈമാറും.

2021-22 വർഷത്തെ മികച്ച എൻ.എസ്.എസ് യൂണിറ്റുകൾക്കും മികച്ച പ്രിൻസിപ്പൽ, പ്രോഗ്രാം ഓഫീസർ തുടങ്ങിവർക്കുമുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ സമ്മാനിക്കും.

വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ, അഡ്വ. റെജി സക്കറിയ, ഡോ. ഷാജില ബീവി, ഡോ. എ. ജോസ്, സ്റ്റേറ്റ് എൻ .എസ് .എസ് ഓഫീസർ ഡോ . ആർ.എൻ. അൻസർ, റീജിയണൽ ഡയറക്ടർ ജി ശ്രീധർ തുടങ്ങിയവരും കോളേജുകളിലെ പ്രോഗ്രാം ഓഫീസർമാരും വോളണ്ടിയർ സെക്രട്ടറിമാരും വോളണ്ടിയർമാരും ചടങ്ങിൽ പങ്കെടുക്കുമെന്ന് സർവകലാശാല എൻ .എസ്. എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസൻ അറിയിച്ചു .

കോളജ് മാനേജ്മെൻറുകൾ, അധ്യാപകർ, അനധ്യാപകർ, പൂർവ വിദ്യാർഥികൾ എന്നിവരുടെയും സമൂഹത്തിലെ വിവിധ മേഖലകളിൽനിന്നുള്ളവരുടെയും സഹകരണത്തോടെയാണ് സ്നേഹവീട് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. വീടുകളുടെ നിർമാണത്തിൽ എൻ.എസ്.എസ് വോളണ്ടിയർമാരുടെ ശ്രമദാനവുമുണ്ടാകും.

2021 - 22 വർഷത്തെ ഏറ്റവും മികച്ച എൻ.എസ്.എസ് യൂണിറ്റിനുള്ള ട്രോഫി ചങ്ങനാശേരി എസ്.ബി. കോളജിനാണ്. മികച്ച പ്രോഗ്രാം ഓഫീസർ എസ്.ബി. കോളേജിലെ റൂബിൻ ഫിലിപ്പാണ്. പ്രിൻസിപ്പലിനുള്ള പുരസ്കാരം ഇതേ കോളജിലെ ഫാ. റെജി പി. കുര്യന് സമ്മാനിക്കും.

തേവര എസ്.എച്ച്. കോളജ്, പത്തനംതിട്ട കാത്തോലിക്കേറ്റ് കോളജ്, കോട്ടയം സി.എം.എസ് കോളജ്, കോന്നി എസ്.എ.എസ് എസ്.എൻ.ഡി.പി. യോഗം കോളജ് , കോട്ടയം ബസേലിയോസ് കോളജ് , വാഴൂർ എസ്.വി.ആർ. എൻ.എസ്.എസ് കോളജ് , മൂവാറ്റുപുഴ നിർമല കോളജ് , ആലുവ സെൻറ് സേവ്യേഴ്സ് കോളജ് ഫോർ വിമെൻ എന്നിവയ്ക്കാണ് മികച്ച എൻ.എസ്.എസ് യൂണിറ്റുകൾക്കുള്ള പുരസ്കാരം ലഭിക്കുക. മുരിക്കുംവയൽ ശബരീശാ കോളേജിന് പ്രത്യേക പുരസ്കാരം ലഭിക്കും.

(പി.ആർ.ഒ./39/1473/2022)

## ഏകജാലകം; രണ്ടാം അലോട്ട്മെന്റ് രജിസ്ട്രേഷൻ

ബിരുദാനന്തര ബിരുദം, ബി.എഡ് ഏകജാലകം രണ്ടാം ഫൈനൽ അലോട്ട്മെന്റിനായി ഓൺ ലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. ഇന്ന്(ഒക്ടോബർ 18) വൈകുന്നേരം നാലു വരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. ഒക്ടോബർ 22ന് പ്രവേശനം അവസാനിപ്പിക്കുന്നതാണ്.

(പി.ആർ.ഒ./39/1474/2022)

## ഡിജിറ്റൽ ലിറ്ററസി; ഓൺലൈൻ ക്ലാസ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പി.എച്ച്.ഡി. കോഴ്സ് വർക്കിന്റെ ഡിജിറ്റൽ ലിറ്ററസി പേപ്പറിന്റെ ഓൺലൈൻ ക്ലാസുകൾ ഒക്ടോബർ 26 മുതൽ 29 വരെ സർവകലാശാല ലൈബ്രറിയിൽ നിന്നും ഓൺലൈനിൽ നടത്തും. സർവകലാശാലയുടെ എല്ലാ ഗവേഷണ കേന്ദ്രങ്ങളിലെയും 2021 വർഷത്തെ അഡ്മിഷൻ ബാച്ചിലുള്ള ഗവേഷണ വിദ്യാർഥികളും പങ്കെടുക്കണം.

കോഴ്സിന്റെ വിശദ വിവരങ്ങളും രജിസ്ട്രേഷൻ ലിങ്കും സർവകലാശാലാ ലൈബ്രറിയുടെ വെബ്സൈറ്റിൽ (tthp://library,mgu.zc.in) ലഭിക്കും. ഫോൺ: 9495161509, 8289896323

(പി.ആർ.ഒ./39/1475/2022)

## യൂണിയൻ തെരഞ്ഞെടുപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ വിദ്യാർഥി യൂണിയൻ തെരഞ്ഞെടുപ്പ് (20222023) നവംബർ 22 ന് നടക്കും. തെരഞ്ഞെടുപ്പ് വിജ്ഞാപനം നവംബർ രണ്ടിന് പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ./39/1476/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിന്റെ ഒന്നു മുതൽ മൂന്നു വരെ സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി(ഓണേഴ്സ് 2012 മുതൽ 2015 വരെ അഡ്മിഷൻ സപ്ലിമെന്ററി / 2011 അഡ്മിഷൻ ഒന്നാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 27 വരെയും പിഴയോടു കൂടി ഒക്ടോബർ 28 നും സൂപ്പർഫൈനോടു കൂടി ഒക്ടോബർ 29 നും അപേക്ഷ നൽകാം.

വീണ്ടും എഴുതുന്ന വിദ്യാർഥികൾ പേപ്പറൊന്നിന് 40 രൂപ നിരക്കിൽ (പരമാവധി 240 രൂപ) സി.വി. ക്യാമ്പ് ഫീസ് പരീക്ഷാഫീസിന് പുറമേ അടയ്ക്കണം. ആദ്യ മെഴ്സി ചാൻസിൽ പരീക്ഷ എഴുതുന്നവർ 5515 രൂപ സ്പെഷ്യൽ ഫീസ് അടയ്ക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1477/2022)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.വോക്ക് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ, ബാങ്കിംഗ് ആന്റ് ഫിനാൻഷ്യൽ സർവീസസ് (2021 അഡ്മിഷൻ റഗുലർ, പുതിയ സ്കീം ആഗസ്റ്റ് 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ (ഇന്റേൺഷിപ്പ്) അതത് കേന്ദ്രങ്ങളിൽ ഒക്ടോബർ 19, 20 തീയതികളിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1478/2022)

## പരീക്ഷ ഒക്ടോബർ 26 മുതൽ

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ , 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ് , 2017 മുതൽ 2020 വരെ അഡ്മിഷൻ റീ-അപ്പിയറൻസ്), സൈബർ ഫോറൻസിക് (2021 അഡ്മിഷൻ റഗുലർ , 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020 അഡ്മിഷൻ റീ-അപ്പിയറൻസ് ഒക്ടോബർ 2022) ബിരുദ പരീക്ഷകൾ ഒക്ടോബർ 26 ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1479/2022)

## പരീക്ഷാ ഫലം

ഈ വർഷം ജൂലൈയിൽ നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (പി.ജി.സി.എസ്.എസ്, 2020 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ ഒന്നു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

…………………………………

ഈ വർഷം മാർച്ചിൽ നടന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.കോം. (മോഡൽ 1,2,3 - 2020 അഡ്മിഷൻ റഗുലർ , 2017 മുതൽ 2019 വരെ അഡ്മിഷൻ റീ-അപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 31 വരെ ഓൺലൈനിൽ അപേക്ഷ നൽകാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

…………………………………..

ഈ വർഷം ആഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ ബി.എഡ്. റഗുലർ / സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും യഥാക്രമം 830 രൂപ, 170 രൂപ നിരക്കിൽ ഫീസ് അടച്ച് ഒക്ടോബർ 31 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1480/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**